# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3150** **18.06.2019-ൽ മറുപടിയ്ക്ക്**

## മാവേലിക്കര മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകൾ

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) | മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം മത്സ്യമാർക്കറ്റുകളാണ് കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്നതെന്ന് വിശദമാക്കുമോ; | എ) മാവേലിക്കര മണ്ഡലത്തിലെ മാങ്ങാംകുഴി മത്സ്യമാർക്കറ്റ്, പുതിയകാവ് മത്സ്യമാർക്കറ്റ്, താമരക്കുളം മത്സ്യമാർക്കറ്റ് എന്നിവ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| ബി) | പ്രസ്തുത നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഓരോ മാർക്കറ്റിനും വിനിയോഗിച്ച തുക വ്യക്തമാക്കുമോ? | ബി) പ്രസ്തുത മാർക്കറ്റുകൾ നവീകരിക്കുന്നതിനായി സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റുകൾ, പ്ലാൻ, ഡി.പി.ആർ എന്നിവ തയ്യാറാക്കി വരുന്നു. കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വർക്ക് ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതാണ്. മാങ്ങാംകുഴി മത്സ്യമാർക്കറ്റ് നവീകരണത്തിനായി 282.31 ലക്ഷം രൂപ, പുതിയകാവ് മത്സ്യമാർക്കറ്റ് നവീകരണത്തിനായി 300 ലക്ഷം രൂപ, താമരക്കുളം മത്സ്യമാർക്കറ്റ് നവീകരണത്തിനായി 280.02 ലക്ഷം രൂപ എന്നിങ്ങനെയാണ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളത്. |

**സെക്ഷൻ ആഫീസർ**